കേരള സർക്കാർ

നം 400/ഡി സി.1/17/ തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി സി ) വകുപ്പ്
തിരുവനന്തപുരം,തീയതി 19.09.2017

## സർക്കുലർ

വിഷയം :- തദ്ദേശസ്വയംഭരണവകുപ്പ്- ഹരിതകേരളം മിഷൻ - ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗ നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മാലിന്യനിർമാർജ്ജനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത പ്രോജക്ടുകളിൽ മാറ്റം വരുത്തുന്നത് - സംബന്ധിച്ച്

സൂചന:-
1. 15/07/2017 ലെ 2420/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
2. 31.07.2017 ലെ 382/ ഡി സി 1/2017/തസ്വഭവ നമ്പർ സർക്കുലർ

ഹരിതകേരളം മിഷന്റെ ഭാഗമായി, തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ 2017 ആഗസ്റ്റ് 15 ന 'മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം' പ്രഖ്യാപനം നടത്തിയിരുന്നു. ആയതിനു മുന്നോടിയായി 2017 ആഗസ്റ്റ് 6 മുതൽ 13 വരെ സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തി നടത്തിയ ക്യാമ്പയിന്റെ തുടർച്ചയായി, വാർഡുതലത്തിൽ ക്രോഡീകരിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനതല ശുചിത്വ മാലിന്യപരിപാലന പ്ലാൻ 15/09/2017 ന് മുൻപായി തയാറാക്കണമെന്നും പ്രസ്തുത പ്ലാനിന്റെയും സൂചന 1 പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2017-18 ലെ പദ്ധതിയിൽ ആവശ്യമായ ഭേദഗതികൾ വരുത്താവുന്നതാണ് എന്നും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 2017 നവംമ്പർ ഒന്നാം തീയതി മാലിന്യ സംസ്കരണ പ്രോജക്ടുകളുടെ നിർവ്വഹണം ആരംഭിക്കേണ്ടതാണ് എന്നുമുള്ള നിർദ്ദേശങ്ങൾ സൂചന 2 സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഈ സാഹചര്യത്തിൽ "മാലിന്യത്തിൽനിന്ന് സ്വാതന്ത്ര്യം" പ്രഖ്യാപനത്തിന്റെ തുടർച്ചയായി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നടത്തേണ്ട സമ്പൂർണ്ണ ശുചിത്വ പ്രഖ്യാപനമുൾപ്പടെയുള്ള പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന്റെയും

ഹരിതകേരളം ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗ നിർദേശങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെയും ഭാഗമായി മാലിന്യ നിർമാർജനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിനോടകം ഏറ്റെടുത്ത പ്രോജക്ടുകളിൽ ആവശ്യമെങ്കിൽ മാറ്റം വരുത്തേണ്ടതാണ്.

**ടി.കെ. ജോസ്**
**ഗവ.പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗര കാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
എല്ലാ പഞ്ചായത്തുകൾക്കും( പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗര കാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും(നഗര കാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ
ഡയറക്ടർ,ഐ & പി. ആർ. ഡി /വെബ് ആൻഡ് ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ